/35191/2022/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 29.07.2022

**പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ഫോർ മൈനോരിറ്റീസ് 2022-2023 വിജ്ഞാപനം**

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - ന്യൂനപക്ഷ മത വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള 2022 - 2023 അധ്യയന വർഷത്തെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ഫോർ മൈനോരിറ്റീസിന്റെ റിന്യൂവൽ/ ഫ്രഷ് അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിനായി വെബ്സൈറ്റ് ഓപ്പൺ ചെയ്തിട്ടുള്ളത് സംബന്ധിച്ച് .

സൂചന :- 20/07/2022 -ലെ കേന്ദ്ര ന്യൂനപക്ഷ ക്ഷേമ മന്ത്രാലയം ഡെപ്യൂട്ടി സെക്രട്ടറിയുടെ SS-15/4/2021-Scholarship-MoMA നമ്പർ കത്ത്.

**********

മേൽ സൂചന പ്രകാരം കേന്ദ്ര ന്യൂനപക്ഷ ക്ഷേമ മന്ത്രാലയം നടപ്പിലാക്കി വരുന്ന 2022-2023 അധ്യയന വർഷത്തെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ഫോർ മൈനോരിറ്റീസ് സ്റ്റുഡന്റ്സ് സ്കീമിന്റെ ഫ്രഷ്, റിന്യൂവൽ അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിനായി 20/07/2022 -ൽ വെബ്സൈറ്റ് ഓപ്പൺ ചെയ്തിട്ടുണ്ട്.

ന്യൂനപക്ഷ സമുദായങ്ങളായ മുസ്ലിം,ക്രിസ്ത്യൻ,ജൈന,സിഖ്,ബുദ്ധ,പാഴ്സി എന്നീ വിഭാഗങ്ങളിൽ ഉൾപ്പെടുന്ന നിശ്ചിത യോഗ്യതയുള്ള വിദ്യാർത്ഥികൾക്ക് ഓൺലൈനായി www.scholarships.gov.in എന്ന വെബ്സൈറ്റ് അല്ലെങ്കിൽ www.minorityaffairs.gov.in എന്ന വെബ്സൈറ്റ് ലിങ്കുകൾ വഴി നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ (NSP) അപേക്ഷ സമർപ്പിക്കാവുന്നതാണ്. വിദ്യാർത്ഥികൾക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 31/10/2022 വരെയും INO തല വെരിഫിക്കേഷന്റെ അവസാന തീയതി 15/11/2022 വരെയുമാണ്. അപേക്ഷകൾ ഓൺലൈനായി മാത്രമേ സമർപ്പിക്കുവാൻ കഴിയുകയുള്ളൂ.

ആയതിനാൽ വിദ്യാർത്ഥികൾക്ക് പിഴവുകൾ കൂടാതെ സ്കോളർഷിപ്പിന് ഓൺലൈനായി അപേക്ഷിക്കുന്നതിനും സംസ്ഥാനത്തെ അർഹരായ മുഴുവൻ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് ലഭിക്കുന്നതിനുമായി ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഇതിനായി ചുവടെ **നൽകിയിരിക്കുന്ന കേന്ദ്ര ന്യൂനപക്ഷ ക്ഷേമ മന്ത്രാലയത്തിന്റെ ടൈം ലൈൻ അനുസരിച്ചുള്ള മുഴുവൻ വ്യവസ്ഥകളും നിബന്ധനകളും ഓരോന്നും INO/സ്ഥാപന മേധാവി (University/ Institutes/ College/ Schools) സശ്രദ്ധം വായിച്ച് മനസ്സിലാക്കി യഥാവിധി നടപ്പിലാക്കണമെന്ന് കർശനമായി നിർദേശിക്കുന്നു.**

സ്കോളർഷിപ്പിനായി www.scholarships.gov.in (നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ) വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഈ ഓഫീസിലെ 13/08/2021ലെ ഇതേ നമ്പർ സർക്കുലർ (www.dcescholarship.kerala.gov.in സന്ദർശിക്കുക) പ്രകാരം രജിസ്ട്രേഷൻ എടുക്കേണ്ടതാണ്. ഇതിനായി എല്ലാ ഇൻസ്റ്റിറ്റ്യൂട്ട് നോഡൽ ഓഫീസർമാരും (INO) അവരവരുടെ ആധാർ കാർഡിലെ വിവരങ്ങൾ ഉപയോഗിച്ച് നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ അംഗീകൃത AISHE/U-DISE/NCVT/SCVT കോഡുകൾ സഹിതം പുതിയ KYC രജിസ്ട്രേഷൻ എടുക്കാവുന്നതാണ്. എല്ലാ സ്ഥാപനങ്ങളും അവരവരുടെ കോഴ്സുകളുടെ വിശദാംശങ്ങൾ ട്യൂഷൻ ഫീസ് ഉൾപ്പെടെ നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ (NSP)അപ്ഡേറ്റ് ചെയ്തിട്ടുണ്ടെന്നു ഉറപ്പാക്കേണ്ടതുമാണ്.

പ്ലസ് വൺ മുതൽ ഉയർന്ന ക്ലാസ്സുകളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമായി www.scholarships.gov.in അല്ലെങ്കിൽ www.minorityaffairs.gov.in എന്ന വെബ്സൈറ്റ്

ലിങ്കുകൾ വഴി സ്കോളർഷിപ്പിന്റെ ഓൺലൈൻ അപേക്ഷകൾ 2022 ഒക്ടോബർ 31 നകം സമർപ്പിക്കേണ്ടതാണ്. ആവശ്യമുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അപേക്ഷ ഓൺലൈനായി സമർപ്പിക്കുവാൻ വേണ്ടിയുള്ള സൗകര്യങ്ങൾ സ്ഥാപനങ്ങളിൽ ഒരുക്കികൊടുക്കണം. അപേക്ഷകൾ വിദ്യാർത്ഥികൾ പഠനം നടത്തുന്ന ഇൻസ്റ്റിറ്റ്യൂട്ട് തലത്തിലും സംസ്ഥാനതലത്തിലും കേന്ദ്ര തലത്തിലും വെരിഫിക്കേഷന് വിധേയമാക്കപ്പെടുന്നതാണ്. അപേക്ഷ സമർപ്പണത്തിന്റെ അവസാന സമയത്തെ തിരക്കുകൾ കാരണം പല വിദ്യാർത്ഥികൾക്കും അപേക്ഷിക്കുന്നതിനും INO തല വെരിഫിക്കേഷൻ നടത്തുന്നതിനും വളരെ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായി കാണുന്നു. അതിനാൽ ഇൻസ്റ്റിട്യൂട്ട് തലത്തിൽ ഈ വിജ്ഞാപനം നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുകയും ക്ലാസ് അടിസ്ഥാനത്തിൽ സർക്കുലേറ്റ് ചെയ്തും അർഹരായ മുഴുവൻ വിദ്യാർത്ഥികൾക്കും നേരത്തെ തന്നെ അപേക്ഷിക്കുവാൻ കഴിയുന്ന തരത്തിൽ ആവശ്യമായ പ്രചാരണം നടത്തേണ്ടതാണ്.

പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ഫോർ മൈനോരിറ്റീസ് സ്റ്റുഡന്റ്സ് സംബന്ധിച്ച കൂടുതൽ മാർഗ്ഗനിർദ്ദേശങ്ങളും അറിയിപ്പുകളും അതതു സമയങ്ങളിൽ നാഷണൽ സ്കോളർഷിപ്പ് പോർട്ടലിലും (NSP) കോളേജ് വിദ്യാഭ്യാസ വകുപ്പിൻറെ www.dcescholarship.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. ആയതിനാൽ ഇതുമായി ബന്ധപ്പെട്ട എല്ലാ INO മാരും സ്ഥാപന മേധാവികളും, വിദ്യാർത്ഥികളും നിരന്തരം www.dcescholarship.kerala.gov.in, NSP പോർട്ടൽ എന്നിവ സന്ദർശിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## സ്കോളർഷിപ്പ് സംബന്ധിച്ച പൊതുവായ വ്യവസ്ഥകൾ

1) അപേക്ഷകർ കേരളത്തിലെ ന്യൂനപക്ഷ സമുദായങ്ങളായ മുസ്ലീം/ക്രിസ്ത്യൻ/സിഖ്/ബുദ്ധ/ജൈന/പാഴ്സി സമുദായങ്ങളിലൊന്നിൽ ഉൾപ്പെട്ടവരായിരിക്കണം.

2) അപേക്ഷകർ താഴെ പറയുന്ന കോഴ്സുകളിലൊന്നിലെ വിദ്യാർത്ഥിയും തൊട്ടു മുൻവർഷത്തെ ബോർഡ് /യൂണിവേഴ്സിറ്റി പരീക്ഷയിൽ 50% ത്തിൽ കുറയാത്ത മാർക്കോ, തത്തുല്യ ഗ്രേഡോ ലഭിച്ചവരും ആയിരിക്കണം

(i) ഗവൺമെന്റ് /എയ്ഡഡ് /അംഗീകൃത അൺഎയ്ഡഡ് സ്ഥാപനങ്ങളിൽ ഹയർസെക്കൻഡറി /ഡിപ്ലോമ/ബിരുദം/ബിരുദാനന്തര ബിരുദം/എം.ഫിൽ/ പി.എച്ച്.ഡി. കോഴ്സുകൾക്ക് പഠിക്കുന്നവർ.

(ii) എൻ.സി.വി.ടി യിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഐ.ടി.ഐ /ഐ.ടി.സി സെന്ററുകളിലെയും ടെക്നിക്കൽ /വൊക്കേഷണൽ സ്കൂളുകളിലെയും ഹയർസെക്കൻഡറി തത്തുല്യ കോഴ്സുകളിൽ പഠിക്കുന്നവർ.

3) അപേക്ഷകരുടെ രക്ഷകർത്താവിന്റെ വാർഷിക വരുമാനം പരമാവധി 2 ലക്ഷം രൂപയിൽ കവിയാൻ പാടില്ല. വാർഷിക വരുമാനത്തിന്റെ തെളിവായി റവന്യൂ വകുപ്പിൽ നിന്നും 20/07/21 ന് ശേഷം എടുത്ത വരുമാന സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യേണ്ടതാണ്.

4) സ്കോളർഷിപ്പ് നൽകുന്നത് കേന്ദ്ര ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രാലയത്തിൻറെ അന്തിമ നിബന്ധനകൾക്ക് വിധേയമായിട്ടായിരിക്കും. യോഗ്യരായ അപേക്ഷകരിൽ നിന്ന് താഴ്ന്ന വരുമാനത്തിൻറെ ആരോഹണക്രമത്തിലാണ് സംസ്ഥാനങ്ങൾക്ക് നിശ്ചയിച്ചിരിക്കുന്ന പരിധിയിലുള്ള മെറിറ്റ് ലിസ്റ്റ് തയ്യാറാക്കുന്നത്. ഈ മെറിറ്റ് ലിസ്റ്റിൽ ഉൾപ്പെടുന്നവർക്കു മാത്രമേ സ്കോളർഷിപ്പ് ലഭിക്കുകയുള്ളൂ.

5) ഒരേ സ്ഥാപനത്തിൽ ഒരേ കോഴ്സിന് പഠനം നടത്തിവരുന്നവരും 2021-2022 -ൽ പോസ്റ്റ്മെട്രിക്

സ്കോളർഷിപ്പ് ഫോർ മൈനോരിറ്റി സ്റ്റുഡന്റ്സ് ലഭിച്ചവരുമായ വിദ്യാർത്ഥികൾക്ക് തൊട്ടു മുൻവർഷ പരീക്ഷയിൽ 50% മാർക്ക് കരസ്ഥമാക്കിയിട്ടുണ്ടെങ്കിൽ അവരുടെ നിലവിലുള്ള Application Id യിൽ തന്നെ 2022 -2023 വർഷത്തേക്ക് റിന്യൂവൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

6) ഒരേ കോഴ്സിന് പഠിക്കുമ്പോൾ തന്നെ സ്ഥാപനമാറ്റം നടത്തുന്ന വിദ്യാർത്ഥികൾക്ക് റിന്യൂവൽ അപേക്ഷ സമർപ്പിക്കുവാൻ അർഹത ഉണ്ടായിട്ടുണ്ടായിരിക്കുന്നതല്ല.

7) അപേക്ഷകർ മറ്റു സ്കോളർഷിപ്പുകളോ സ്റ്റൈപ്പൻഡോ കൈപ്പറ്റുന്നവർ ആയിരിക്കരുത്.

8) പതിനെട്ടു വയസ്സ് കഴിഞ്ഞ അപേക്ഷകർ സ്വയം സാക്ഷ്യപ്പെടുത്തിയതും, 18 വയസ്സ് തികയാത്ത അപേക്ഷകർക്കു രക്ഷകർത്താവ് സാക്ഷ്യപ്പെടുത്തിയതുമായ ന്യൂനപക്ഷ സമുദായഅംഗമാണെന്നുള്ള സാക്ഷ്യപത്രം ഓൺലൈൻ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്താൽ മതിയാകും.

9) വിദ്യാർത്ഥികൾക്ക് നിർബന്ധമായും ആധാർ നമ്പർ ഉണ്ടായിരിക്കേണ്ടതും ഇത് സ്കോളർഷിപ്പ് അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതുമാണ്. ആധാർ നമ്പർ ഇല്ലാത്ത വിദ്യാർഥികൾ Gazette Notification-S.O. No. 1284 (E) No.1137, dated 21/04/2017 (as per Appendix-C) പ്രകാരമുള്ള മറ്റു തിരിച്ചറിയൽ രേഖകളുടെ വിവരങ്ങൾ നൽകേണ്ടതാണ്.

10) അപേക്ഷകർക്ക് നാഷണലൈസ്ഡ്/ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കുകളിൽ ഏതെങ്കിലും ഒന്നിൽ സ്വന്തം പേരിൽ ആക്ടീവായ ആധാർ ലിങ്ക് ചെയ്തിട്ടുള്ള സേവിങ്സ് ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കണം. അപേക്ഷ ഓൺലൈനായി സമർപ്പിക്കുമ്പോൾ അക്കൗണ്ട് നമ്പർ , ഐ.എഫ്.എസ്.സി കോഡ് എന്നിവ കൃത്യമായി രേഖപ്പെടുത്താൻ വിദ്യാർത്ഥികൾ ശ്രദ്ധിക്കണം.

11)സ്കോളർഷിപ്പിന് അർഹരാകുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുക കേന്ദ്ര ഗവണ്മെന്റ് നേരിട്ട് (Direct Benefit Transfer) വിദ്യാർത്ഥികളുടെ ആക്ടീവ് ആയ ആധാർ ലിങ്ക്ഡ് ബാങ്ക് അക്കൗണ്ടിലേക്കു ക്രെഡിറ്റ് ചെയ്തു നൽകുന്നതാണ്.

12)കേരളത്തിന് പുറത്തുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന കേരളത്തിലെ വിദ്യാർഥികൾ കേരളം Domicile ആയി തിരഞ്ഞെടുത്തു ഓൺലൈനായി അപേക്ഷിക്കേണ്ടതാണ്.

13) ഒരേ കുടുംബത്തിൽപ്പെട്ട രണ്ടിൽ കൂടുതൽ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതല്ല.

14) ഒരു വർഷത്തിന് താഴെയുള്ള യാതൊരു കോഴ്സുകളും ഈ സ്കോളർഷിപ്പിന്റെ പരിധിയിൽ വരില്ല.

15) അപേക്ഷകർക്ക് നിർബന്ധമായും സ്ഥിരമായ ഒരു മൊബൈൽ നമ്പർ ഉണ്ടായിരിക്കണം. അപ്ലിക്കേഷൻ സ്റ്റാറ്റസ് സംബന്ധിച്ച വിവരങ്ങൾ വിദ്യാർഥികൾ നൽകിയിട്ടുള്ള മൊബൈൽ നമ്പരിൽ Text Message ആയി ലഭിക്കുന്നതാണ്.

16) സ്കോളർഷിപ്പ് സംബന്ധിച്ച വിശദവിവരങ്ങൾ ,അപേക്ഷിക്കേണ്ട രീതി, തുടർനടപടി എന്നിവ കേന്ദ്ര ന്യൂനപക്ഷ ക്ഷേമ മന്ത്രാലയത്തിൻറ www.scholarships.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

17) മാന്വൽ അപേക്ഷകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

18) വിദ്യാർഥികൾ ഓൺലൈനായി അപേക്ഷിച്ച ശേഷമുള്ള അപേക്ഷാഫോമിൻറെ പ്രിൻറ്ഔട്ട്, മുഴുവ അനുബന്ധ രേഖകളുടെ പകർപ്പുകൾ സഹിതം പഠിക്കുന്ന സ്ഥാപനത്തിൽ നിർബന്ധമായും അ ദിവസത്തിനകം ഏൽപ്പിക്കേണ്ടതാണ്. പ്രിന്റൗട്ടും അനുബന്ധ രേഖകളും സ്ഥാപനത്തിൽ സമർപ്പിക്കാത്തവരുടെ അപേക്ഷകൾ ഡിഫെക്റ്റ് ചെയ്യുന്നതാണ്. അപ്ലിക്കേഷൻ ഐ.ഡി., പാസ്സ്‌വേർഡ് എന്നിവ വിദ്യാർഥികൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

19) 2022-2023 അധ്യയന വർഷത്തെ ഫീസ് വിവരങ്ങൾ ഇൻസ്റ്റിറ്റ്യൂഷൻ തലത്തിൽ സ്കോളർഷിപ്പ് നോഡൽ ഓഫീസർമാർ (INO) പൂരിപ്പിക്കേണ്ടതാണ്.

20) ഇൻസ്റ്റിട്യൂഷൻസിലെ സ്കോളർഷിപ്പ് നോഡൽ ഓഫീസർമാർ (INO) ഓൺലൈനായി ഇൻസ്റ്റിട്യൂട്ടിന്റെ പ്രൊഫൈലിൽ ലഭിച്ചിരിക്കുന്ന അപേക്ഷകളുടെ ഹാർഡ് കോപ്പി വിദ്യാർത്ഥികളിൽ നിന്ന് വാങ്ങി 10 ദിവസത്തിനുള്ളിൽ ഓൺലൈൻ അപേക്ഷയിൽ നൽകിയിരിക്കുന്ന വിവരങ്ങളുമായി ഒത്തുനോക്കി പരിശോധിച്ച ശേഷം ഓൺലൈൻ അപേക്ഷ INO തല വെരിഫിക്കേഷൻ ചെയ്തുവിടേണ്ടതും, ഹാർഡ് കോപ്പി ഓഡിറ്റ്/ഫിസിക്കൽ വെരിഫിക്കേഷൻ ആവശ്യങ്ങൾക്കായി അതാത് ഇൻസ്റ്റിട്യൂട്ടുകളിൽ കുറഞ്ഞത് അഞ്ചു വർഷം ഭദ്രമായി സൂക്ഷിച്ചുവയ്ക്കേണ്ടതുമാണ്. ഈ അപേക്ഷകൾ സ്കോളർഷിപ്പ് സംസ്ഥാന തല നോഡൽ ഓഫീസർ (SNO) അതാത് സ്ഥാപനങ്ങളിൽ ഫിസിക്കൽ വെരിഫിക്കേഷൻ നടത്തുന്നതാണ്. പരിശോധനസമയത്ത് അപാകതകളുണ്ടെന്നു ബോധ്യപ്പെട്ടാൽ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് റദ്ദാക്കുന്നതും ഇൻസ്റ്റിട്യൂഷൻ നോഡൽ ഓഫീസർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതും ടിയാന്റെ അശ്രദ്ധ കാരണം കുട്ടികൾക്കും സർക്കാരിനും ഉണ്ടാകുന്ന ബാധ്യതയ്ക്ക് ടിയാൾ മാത്രമായിരിക്കും ഉത്തരവാദിയെന്നുമുള്ള വിവരം അറിയിക്കുന്നു. ഹാർഡ് കോപ്പി സ്ഥാപനത്തിൽ സമർപ്പിക്കാത്ത വിദ്യാർത്ഥികളുടെ അപേക്ഷ INO ഡിഫെക്റ്റ് ചെയ്യേണ്ടതാണ്.

21) INO തല വെരിഫിക്കേഷൻ ചെയ്തുവിടുന്ന അപേക്ഷകൾ SNO തലത്തിൽ വെരിഫിക്കേഷൻ നടത്തുന്നതിന്റെ വിവരങ്ങൾ അതാത് ഇൻസ്റ്റിട്യൂട്ട് നോഡൽ ഓഫീസർമാരുടെ ലോഗിനിലെ റിപ്പോർട്ട് സെക്ഷനിൽ ലഭ്യമാകുന്നതാണ്. ഇത് INO ഓരോ ദിവസവും പരിശോധിക്കേണ്ടതും ഡിഫെക്റ്റ് ചെയ്തിട്ടുള്ള അപേക്ഷകളുണ്ടെങ്കിൽ ടി വിവരം പ്രസ്തുത വിദ്യാർത്ഥികളെ ഉടൻ അറിയിക്കേണ്ടതുമാണ്.

22) വെരിഫിക്കേഷൻ സമയത്ത് Bonafide Student അല്ല എന്ന് ബോധ്യപ്പെടുന്ന അപേക്ഷകൾ reject ചെയ്യാവുന്നതാണ്. മറ്റു കാരണങ്ങളാൽ ഡിഫെക്റ്റ് ചെയ്യപ്പെടുന്ന അപേക്ഷകൾ ശരിയായ രീതിയിൽ അവസാന തീയതിക്ക് മുൻപായി പുനർസമർപ്പിക്കുവാൻ വിദ്യാർത്ഥിക്ക് അവസരം നൽകേണ്ടതാണ്. ഇക്കാര്യത്തിൽ INO/സ്ഥാപനമേധാവികൾ പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്. SNO തല വെരിഫിക്കേഷൻ സമയത്ത് ഏതെങ്കിലും അപേക്ഷ fake mark ചെയ്താൽ ആ സ്ഥാപനത്തിലെ മുഴുവൻ അപേക്ഷകളും re-verification നടത്തുന്നതിനായി INO login ലേക്ക് തിരിച്ചയക്കുന്നതാണ്. ആയതിനാൽ INO തല വെരിഫിക്കേഷൻ വളരെ ശ്രദ്ധാപൂർവം നിർവഹിക്കേണ്ടതാണ്. INO തല വെരിഫിക്കേഷന്റെ അവസാന തീയതിക്കുള്ളിൽ വെരിഫിക്കേഷൻ നടത്തിയിട്ടില്ലാത്ത ഒരു അപേക്ഷപോലും ഉണ്ടാകാൻ പാടില്ല.

23) വ്യാജ അപേക്ഷകൾ സമർപ്പിക്കുന്നവർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുന്നതാണ്. തെറ്റായ വിവരം നൽകി സ്കോളർഷിപ്പ് കരസ്ഥമാക്കിയിട്ടുണ്ടെങ്കിൽ സ്കോളർഷിപ്പ് തുക തിരിച്ചു പിടിക്കുന്നതുമാണ്.

24)പഠിക്കുന്ന സ്ഥാപനത്തിന്റെ അച്ചടക്കത്തിനും സ്കോളർഷിപ്പിന്റെ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും എതിരായി പ്രവർത്തിക്കുന്ന വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് അസാധുവാകുന്നതാണ്.

25)മേൽ പറഞ്ഞിരിക്കുന്ന മാനദണ്ഡങ്ങളിൽ/നിബന്ധനകളിൽ മാറ്റം വരുത്തുന്നതിനുള്ള അധികാരം കേന്ദ്ര ന്യൂനപക്ഷ ക്ഷേമ മന്ത്രാലയത്തിനു ഉണ്ടായിരിക്കുന്നതാണ് .

ഉളടക്കം:-1. മേൽ സൂചന പ്രകാരമുള്ള കേന്ദ്ര ന്യൂനപക്ഷ ക്ഷേമ മന്ത്രാലയത്തിന്റെ കത്തിന്റെ പകർപ്പ്.

2. കേന്ദ്ര ന്യൂനപക്ഷ ക്ഷേമ മന്ത്രാലയത്തിന്റെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ഫോർ മൈനോരിറ്റീസ് സ്റ്റുഡന്റ്സ് ഗൈഡ് ലൈൻസ്.

<u>വിശദവിവരങ്ങൾക്ക് :-</u>

1.കോളേജ് വിദ്യാഭ്യാസ വകുപ്പിൻറെ www.dcescholarship.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

2.ഇ-മെയിൽ ഐ.ഡി.- postmatricscholarship@gmail.com

3.ഫോൺ നമ്പർ - 0471- 2306580, 9446096580, 9446780308

## Approval Valid

Digitally Appro[illegible]d By
മനോമോഹ[illegible] കെ
Dat[illegible]9/[illegible]2022
Reason: Approved

ഒപ്പ്/-
മനോമോഹൻ കെ
സ്പെഷ്യൽ ഓഫീസർ ഫോർ സ്കോളർഷിപ്പ്

Asf Acdt / Post matric Scholarship / 2022 Dated :- 13/09/2022.

[illegible] Circulate ചെയ്യുന്നു.

എല്ലാ HOD മാർക്കും Scholarship Nodal officer ക്കും.

Principal
13/9/22

Maths 14/09/22

Statistics, 14/9/22

History 14/9/22

14/9/22

Chemistry 14/9/22

Philosophy

14/9/2022

14/9/22 English.